


(വിശുദ്ധ മർക്കോസ്സ്.. 15: 34)

രക്ഷാകരമായ പീഢാനുഭവ ദിവസങ്ങളിൽ ഏറ്റവും പ്രധാനവും ലോക ചരിത്രത്തിൽ ഏറ്റവും വലുതും ക്രിസ്ത്യാനികൾ ഏറ്റവും വിശുദ്ധമായി ആചരി ക്കുന്നതുമായ ദിവസമാണു് വലിയ വെള്ളിയാഴ്ച. ദു:ഖവെള്ളിയാഴ്ച എന്ന സംജ്ഞയ്ക്ക് കാരണം, അന്ന് യേശുക്രിസ്സ്തുവിന്റെ ദൈവത്വം ബഹുമാനിക്കപ്പെടാതെ പോയ ദിവസമായതുകൊണ്ടാണ്. രക്ഷാകരമായ പീഢാനുഭവആഴ്ച എന്നാണ് സുറിയാനി സഭ വിശേഷിപ്പിക്കുന്നത്. ഇന്നത്തെ ആരാധനകളും വേദവായനകളും ചിന്തകളും ഏതൊരു ഭക്തന്റേയും ഹൃദയത്തെ അനുതാപത്തി ലെത്തിക്കും. പശ്ചാത്താപിക്കാതെ ആരും മടങ്ങിപ്പോരില്ല. അതാണിന്നത്തെ ആരാധനകളുടെ പ്രത്യേകത.

'എന്റെ ദൈവമേ എന്റെ ദൈവമെ നീ എന്നെ ഉപക്ഷിച്ചതെന്ത്.' (വിശുദ്ധ മർക്കോസ്സ്. 15: 34.) ഇന്നത്തെ ധ്യാനചിന്തകളിൽ കടന്നുവരുന്ന ഈ വാക്യം കുരിശിലെ ഏഴു മൊഴികളിൽ അവസാനത്തേതെന്ന് പറയാം. ഇതു സംബ ന്ധിച്ച് അനേകം ചിന്തകൾ ഒരോ വിശ്വാസിക്കും അനുഭവപ്പെട്ടിരിക്കാം. തന്റെ അന്ത്യസമയത്ത് കുരിശിൽ വച്ച് തന്റെ പിതാവിനോട് വിലപിക്കുന്ന പുത്രനായിരിക്കാം പ്രഥമദൃഷ്ട്യാ നമ്മുടെ ആലോചനയിൽ എത്തുക. കുരിശിലെ മരണം ഏറ്റവും ക്രൂരമരണങ്ങളുടെ പട്ടികയിലുള്ള മരണമായതുകൊണ്ടാണ് അന്നത്തെ ജനക്കൂട്ടം 'അവനെ ക്രൂശിക്ക അവനെ ക്രൂശിക്ക' എന്ന് ആവശ്യപ്പെട്ടത് . ഇഞ്ചിഞ്ചായി മരിക്കുന്നതുകൊണ്ട് മരണസമയത്തേക്കുറിച്ചൊരു തീർച്ചയുമില്ല. ശരീരമാസകലം ക്രൂരമായ മർദ്ദനമേറ്റതിനാൽ മുറിപ്പാടില്ലാത്ത, വീണ്ടുകീറാത്ത ഒരിഞ്ചുപോലുമില്ല. കൈകാലുകൾആമത്തിലിട്ട് ബന്ധിച്ചുകൊണ്ടുള്ള മർദ്ദനമായതിനാൽ നാഢി ഞരമ്പുകൾ പോലും ഛിന്നഭിന്നമായിപ്പോയി. അമിതഭാരം വരുന്ന ക്രൂശും വഹിച്ചുകൊണ്ട് ഗോഗുൽത്തായോളം നടന്നും, വീണും മാംസപേശികൾ ചതഞ്ഞും, തരുണാസ്ഥികൾ തകർന്നും, ശരീരക്ഷതമേറ്റു. ക്രൂശിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കേണ്ടിയിരുന്നതിനാൽ അസ്ഥിസന്ധികൾ അകന്നുപോയി. ആന്തരാവയവങ്ങളെല്ലാം സ്ഥാനംതെറ്റി ഭ്രംശം സംഭവിച്ചു. തൂങ്ങിക്കിടക്കുന്നത് മൂലം ശ്വാസോച്ഛ്വാസം ചെയ്യാനുള്ള ക്ലേശവും ആയുസ്സ് തിരികെക്കിട്ടാൻ സാദ്ധ്യതയില്ലാ

എന്ന തിരിച്ചറിവും എല്ലാ ക്രൂശിതനും ബോദ്ധ്യപ്പെട്ടിരിക്കും. അപ്രകാരമുള്ള ഒരു സാഹചര്യത്തിൽ വിലപിക്കാനുള്ള തോന്നൽ മനുഷ്യ സഹജമാണ്.

ദൈവമേ! നീ എന്നെ കൈവിട്ടതെന്തെന്ന ചോദ്യം, പ്രത്യാശ നഷ്ടപ്പെട്ട ഒരു ദൈവഭക്തന്റെ ചിന്തയാകാം. എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണം ക്രൂശു മരണചരിത്രങ്ങളിൽ അന്യത്ര രേഖപ്പെടുത്തേണ്ട ഒന്നാണ്. കർത്താവിനേപ്പോലെ ലോകരക്ഷയ്ക്കു വേണ്ടി ഒരുവനും അതുവരെ ക്രൂശിക്കപ്പെട്ടിട്ടില്ല. കർത്താവിനേപ്പോലെ മറ്റൊരുവനും പീഢയനുഭവിച്ചിട്ടുമില്ല. ഏതൊരു കുറ്റവാ ളിക്കും ലഭിയ്ക്കുന്ന ദയവ് പീഢാസമയത്ത് കർത്താവിന് ലഭിച്ചില്ല. കാരണം കർത്താവ് കുറ്റവാളിയല്ല. യേശുവിനെതിരേയുള്ള കുറ്റരോപണങ്ങൾ അനവധി യാണ്. ദൈവദൂഷണക്കാരനാണ്, രാജ്യദ്രോഹിയാണ്, നിയമലംഘകനാണ്, മഹാപുരോഹിതനേയും ലേവ്യരേയും ദേവാലയപ്രമാണികളേയും ശാബതിനേപ്പോലും ബഹുമാനിക്കാത്തവനാണ്. അവൻകരുണഅർഹിക്കുന്നില്ല. പീഢകളുടെ കാഠിന്യം അസഹനീയമായതിനാൽ എന്റെ ദൈവമെ നീ എന്നെ കൈവിട്ടതെന്തെന്ന് കർത്താവ് ചോദിച്ചെങ്കിൽ കർത്താവ് അതേക്കുറിച്ച് മുന്നറിവില്ലാത്തവനെന്ന് വരും. മരണത്തേക്കുറിച്ചുള്ള ഭയംമൂലം ഇപ്രകാരം ചോദിച്ചാൽ മരണ ശേഷമുള്ള തന്റെ ഉയിർപ്പിനേക്കുറിച്ചു തനിക്ക് പ്രത്യാശയില്ലയോ എന്ന് സംശയിക്കേണ്ടിവരും. പിതാവാം ദൈവം തന്റെ സ്വർഗ്ഗസ്ഥപിതാവെന്ന് അടിവരയിട്ട് പ്രസംഗിച്ച് പഠിപ്പിക്കുന്ന യേശു, നസ്രേത്തുകാരനായ, തച്ചന്റെ മകനായ, ന്യായപ്രമാണങ്ങളേക്കുറിച്ച് അവഗാഹമുള്ള വെറുമൊരു ഇസ്രായേല്യൻ മാത്രമാണെങ്കിലും എന്റെ ദൈവമേ! എന്റെ ദൈവമെ! എന്ന സംബോധനയും നീ എന്നെ കൈവിട്ടതെന്തെന്ന ചോദ്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എന്റെ ദൈവമേ എന്റെ ദൈവമേ! എന്നർത്ഥമുള്ള ഏലീ ഏലീ (ഈൽ, ഈൽ) എന്ന വിളി അവിടെ കൂടിയിരുന്ന കാഴ്ചക്കാർക്കും പീഢകർക്കും വളരെ അസഹ്യമാ യിരുന്നു. അവർ അത് പ്രകടിപ്പിച്ചു എന്ന് എല്ലാ സുവിശേഷകരും വ്യക്തമാക്കിയിട്ടുണ്ട് .

കർത്താവ് ക്രൂശിൽ തൂങ്ങിക്കിടന്നുകൊണ്ട് ആരെയാണ് വിളിച്ചത് . വിശുദ്ധ തിരുവചനം ‘എന്റെ ദൈവമേ!’ എന്ന് വിളിച്ചു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിളിയുടെ സാരാംശം വളരെ ഗഹനമാണ്. യേശു വിളിച്ച വിളി, നിരാശയുടെ വിളിയല്ല. തന്റെ പീഢകൾ അസഹനീയമായതിനാലുള്ള സഹായാഭ്യർത്ഥനയുമല്ല. എന്റെ ദൈവമെ! എന്ന വിളി ഏറ്റവും ചെറിയ വാക്കുകളിൽ ഏതൊരുവനും പ്രാർത്ഥിക്കാൻ കഴിയുന്ന അർത്ഥവത്തും ഏറ്റവും സമ്പൂർണ്ണവുമായ പ്രാർത്ഥനയാണ്. നാം അറിഞ്ഞും അറിയാതെയും ഉശ്ചരിക്കുന്ന ഈ പ്രാർത്ഥനയിൽ സാന്നിദ്ധ്യബോധം ഉണ്ടായിരുന്നാൽ ഇതിന്റെ സാരാംശവും ഫലപ്രാപ്തിയും വിവരണാതീതമായിരിക്കും. ഹൃദയശുദ്ധിയോടെ എന്റെ ദൈവമേ എന്ന് വിളി ക്കുന്ന എല്ലാവരോടും എന്റെ മകനേ, എന്റെ മകളേ എന്ന് ദൈവം തിരികെ വിളിക്കുമെന്ന് സംശയലേശമെന്യേ ഞാൻപറയുന്നു. നിങ്ങൾക്കിത് വിശ്വസിക്കാം.

യേശുക്രിസ്തുവിന്റെ ക്രൂശീകരണം ലോകരക്ഷയ്ക്കും ജനത്തിന്റെ വീണ്ടെടുപ്പിനും പ്രവചനങ്ങളുടെ പൂർത്തീകരണത്തിനുമായതിനാൽ യേശുവിന്റെ ഈ വിളിക്കു ശേഷമുള്ള 'നിവൃത്തിയായി' എന്ന വാക്യവും അനന്തര സംഭവങ്ങളും കൂട്ടിവായിക്കണം. ഇവിടെ നിവൃത്തിയായത് ബലവാനും സർവ്വശക്തനുമായ ദൈവത്തിന്റെ വിജയമാണ്. സാത്താന്റെ മേൽ ദൈവനാമത്തിൽ ലോകജനതക്കു വിജയം ലഭിച്ച വിജയാഘോഷമാണ് യേശുവിന്റെ ക്രൂശിലെ മരണം.

യേശു വിളിച്ച ദൈവം ആര്?. അവൻ ന്യായപ്രമാണം തന്ന ദൈവമാണ്. ന്യായപ്രമാണത്തിൽ വിശ്വസിക്കുന്ന ഇസ്രായേല്യന്റെ സ്മരണയിലെ ദൈവരൂപം മിദ്യാൻ മരുഭൂമിയിലെ എരിയാത്ത മുൾമരത്തിൽ കണ്ട അഗ്നിമയനായ ദൈവമാണ്. മോശയുടേയും ന്യായപ്രമാണത്തിന്റേയും പേരിൽ യേശുവിനെ നിഷേധിച്ചവർക്കുള്ള മറുപടിയാണ് എരിയാത്ത മുൾക്കിരീടവുമായി ക്രൂശിൽ തൂങ്ങിയയേശുമശിഹാ. (പുറപ്പാട് 3:3, വിശുദ്ധ മർക്കോസ് .15:17) അവൻ മിസ്രേമിൽ അടിമകളായവരുടെ നിലവിളികേട്ട്

മനമലിഞ്ഞ് അവരെ രക്ഷിയ്ക്കുവാൻ മോശയെ നിയോഗിച്ച ദൈവമാണ്. തന്റെ ദൈവപ്രകൃതമെന്താണെന്നറിയിക്കാൻ മുൾമരത്തിൽ എരിയാത്ത അഗ്നിയായി പ്രത്യക്ഷപ്പെട്ടവനാണ്. തന്റെ ദൈവസ്വഭാവമെന്തെന്നറിയാവുന്ന ഏകൻ യേശു മാത്രമാണ്. ആ യേശുവാണ് വിളിക്കുന്നത് 'എന്റെ ദൈവമേ!' മറ്റൊരിക്കലും വെളിപ്പെടാതിരുന്ന ദൈവത്തിന്റെ യഥാർത്ഥ മഹത്വതേജസ്സ് തിരിച്ചറിയുന്ന മനുഷ്യന്റെ സംബോധനയാണിത് . എന്റെ ദൈവമേ എന്റെ ദൈവമെ! എന്ന വിളി നീ ആരാകുന്നു കർത്താവേ എന്ന് മോശയുടെ മിദ്യാൻ മരുഭൂമിയിലെ ചോദ്യത്തിന് കർത്താവ് നല്കിയ ഉത്തരത്തിന്റെ പ്രത്യുത്തരമാണ്.

'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' (പുറ.3:14).എന്ന മലയാളപരിഭാഷ ദൈവനാമത്തിന്റെ പൂർണ്ണതയ്ക്ക് പോരാ എന്നാണെന്റെ അഭിപ്രായം. 'ആഹീയാ ആശാറാഹീയാ' എന്ന മൂലഭാഷയിലെ പദസമുച്ചയത്തിന് ഞാൻ 'ഏകമാകുന്നവൻ, സത്യമാകുന്നവൻ, ഉല്പ്പത്തിയാകുന്നവൻ, കോട്ടയാകുന്നവൻ, മാറ്റമില്ലാത്തവൻ, സംരക്ഷകനായവൻ, എന്നിങ്ങനെ തന്റെ ഏകത്വത്തെ മഹത്വപ്പെടുത്തുന്ന ആയിരം അർത്ഥങ്ങളുണ്ട്'. ഗോഗുൽഥായിലെ ക്രൂശിൽ തൂങ്ങിക്കിടക്കുന്നത് യേശുവാണ് , യേശു എന്നാൽ രക്ഷകൻ എന്നാണർത്ഥം. മരുഭൂമിയിൽ ഇസ്രായേലിന് രക്ഷാസന്ദേശം അറിയിച്ച അഗ്നിമയനായ സംരക്ഷകൻ എന്ന ദൈവമാണ് ഗോഗുൽഥായിലെ ക്രൂശിൽ മാനവരൂപം പൂണ്ട് മരണാസന്നനായി തൂങ്ങിക്കിടക്കുന്നത് . ഇസ്രായേൽ മക്കൾക്ക് പീഢകനായ ശക്തനായ രാജാവിനേയാണ് ജയിക്കേണ്ടിയിരുന്നതെങ്കിൽ മശിഹായ്ക്ക് ഈ പീഢയിൽ ജയിക്കേണ്ടത് സാത്താനേയായിരുന്നു. മിദ്യാൻ മരുഭൂമിയിൽ മോശാ ദീർഘദർശി കണ്ട അഗ്നിമയനായ ദൈവത്തിന്റെ മാനവരൂപമാണ് യേശു. തന്റെ കൈപ്പണിയായ ആദാമിന്റെ സ്വന്ത രൂപത്തിൽ ഭൂമിയിലേക്കിറങ്ങിവന്ന ദൈവരൂപമാണ് യേശു. മഹത്വത്തിന്റെ സ്വരൂപം പാപിയുടെ സാദൃശ്യത്തിലിറങ്ങിയ ജഢരൂപമാണ് യേശു.

ദൈവത്തെ പേരു വിളിച്ച് സംബോധന ചെയ്യരുതെന്നാണ് ഇസ്രായേല്യനെ പഠിപ്പിച്ചിരിക്കുന്നത് . അതുമൂലം യേശു എന്റെ ദൈവമേ! എന്ന് വിളിക്കുമ്പോൾ അത് കേട്ടവർ ഇവൻ ഏലീയാവിനെ വിളിക്കുന്നു എന്നു സംശയിച്ചു. എന്നാൽ യേശു വിളിക്കുന്നത് തന്റെ പിതാവാം ദൈവത്തേയാണ്. പുത്രൻ പിതാവിനെ വിളിക്കുന്ന പേരിന് പരിധിയില്ല. സ്ഥലകാല ഭേദമില്ല. നാം അവനെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കാൻ പഠിപ്പിച്ചപ്പോൾ പ്രാർത്ഥിക്കുന്ന എല്ലാവരും ഏക വചനത്തിന് പകരം ബഹുവചന സംബോധന ഉപയോഗിക്കുവാൻ നിഷ്ക്കർഷിച്ചതെന്തിന് ?. ഒരുവന് മാത്രമായൊരു പ്രാർത്ഥന ദൈവസന്നിധിയിലില്ല. എന്റെ പിതാവ് എന്നതിനു പകരം ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുമ്പോൾ നാം യേശുവിനോടൊപ്പം പിതാവിന്റെ അവകാശമനുഭവിക്കുന്ന മക്കളായിത്തീരുന്നു. ഈ അവകാശം നമുക്ക് നല്കാനാണ് അവൻ ക്രൂശിൽ മരിച്ചത് . അതുകൊണ്ട് അവന്റെ എന്റെ ദൈവമേ എന്ന വിളിയും നമ്മെ പ്രതിയാണ്. നമ്മുടെ രക്ഷയേ പ്രതിയാണ്.

യേശു തന്റെ പിതാവുമായുള്ള അവസാന സംസർഗ്ഗം നിർവ്വഹിച്ചത് ഗത്സമനായിലാണ്. (വിശുദ്ധ മത്തായി .26:36) താൻ ഏറെ വികാരവിവശനായ ഏക സന്ദർഭവും അതുമാത്രമാണ്. മുമ്പൊരിക്കലും കർത്താവ് ഇത്രയും സങ്കടപ്പെട്ടിട്ടില്ല. സാത്താന്റെ പരിശോധനയോ,കടൽക്ഷോഭമോ, മകളുടെ ജീവനെക്കുറിച്ചു വിലപിക്കുന്ന യായീറോസ് എന്ന അപ്പനോ കർത്താവിനെ തളർത്തിയിട്ടില്ല. തല്ക്ഷണം സംഭവിക്കാനിരിക്കുന്ന ഒരു പരാജയമാണ് കർത്താവിന്റെ ദു:ഖം. നീ എനിക്കു തന്ന എല്ലാവരേയും ഞാൻ നിന്റെ മുമ്പിലെത്തിച്ചു എന്നുഭ കർത്താവ് പറയുമ്പോഴും (വിശുദ്ധ യോഹന്നാൻ .17.12) താൻ ഒരിക്കലും പറയരുതെന്നാഗ്രഹിച്ച ഒരു വാക്ക് കർത്താവുച്ചരിച്ചു. 'നാശത്തിന്റെ പുത്രൻ. ' താൻ ഒഴിവാകണമെന്നാഗ്രഹിച്ച കാസാ തന്റെ ശിഷ്യന്റെ പരാജയമാണ്. മുന്നറിയിപ്പുകൾ അവഗണിച്ച് തന്റെ സ്വന്ത ബുദ്ധിയിൽ ആശ്രയിച്ചവനാണ് യൂദാ. പിതാവേ ഞാൻ ക്രൂശുമരണത്തിന് തയ്യാറായാണല്ലോ മനുഷ്യാവതാരം ചെയ്തത് . അതിന്

ഒറ്റിക്കൊടുക്കൽ എന്ന പ്രവചന നിവൃത്തി ഒഴിവാക്കണേ, അതിനുവേണ്ടി എന്റെ പ്രീയശിഷ്യനെ പ്രേരി പ്പിക്കുന്ന സാത്താനിൽ നിന്നവനെ ഒഴിവാക്കണമേ , എന്റെ ശരീരരക്തങ്ങൾ അവന്റെ ഉള്ളിൽ സ്ഥിതിചെയ്യുമ്പോൾ അവൻ നാശയോഗ്യനാകുമാറാകരുതെ. പിതാവിന് ഈ പ്രാർഥന കൈക്കൊള്ളുവാനാകുമായിരുന്നില്ല. കാരണം കർത്താവിന്റെ ക്രൂശുമരണത്തിന് എല്ലാ ലക്ഷണങ്ങളും യോഗ്യതകളും തികയേണ്ടിയിരുന്നു എന്ന് വച്ചാൽ എല്ലാ പ്രവചനങ്ങളും തികയേണ്ടിയിരുന്നു. സ്വന്തശിഷ്യൻ ഒറ്റിക്കൊടുക്കണമെന്നതും പ്രവചനനിവൃത്തിയായിരുന്നു. പിതാവിന് അതൊഴിവാ ക്കാനാകുമായിരുന്നില്ല. പുത്രൻ ക്രൂശിൽ ഈ നിലവിളി ആവർത്തിച്ചു. നീ എന്നെ ഉപേക്ഷിച്ചതെന്ത്. പിതാവേ നിന്റെ ഏകജാതനായ എന്നെ നല്കുവാൻ തക്ക വണ്ണംനീ ലോകത്തെസ്നേഹിച്ചുഎന്ന് ലോകത്തെപഠിപ്പിച്ചത് നീയാണ്. എന്റെ പ്രിയശിഷ്യൻ യൂദായില്ലാതെ ഞാൻ നിന്റെ മുമ്പിൽ വരുന്നതിന് തക്കവിധം നീ എന്നെ ഉപേക്ഷിയ്ക്കരുതേ എന്നാണ് യേശുവിന്റെ ഈ നിലവിളിയുടെ സാരം.

കർത്താവിനെ ഒറ്റിക്കൊടുത്ത യൂദായ്ക്ക് താൻ ചെയ്ത അപരാധത്തേക്കുറിച്ച് ദു:ഖം തോന്നി. അവൻ അവനെ വഞ്ചിച്ചപുരോഹിതന്മാരോട് തന്റെ ദു:ഖം പങ്കു വച്ചു. താൻ നേടിയ മുപ്പത് വെള്ളി വലിച്ചെറിഞ്ഞു. അവൻ ചെയ്യേണ്ടിയിരുന്നത് ചെയ്തില്ല. അവൻ യേശുക്രിസ്തുവിന്റെ മുമ്പിൽ, ബന്ധനസ്ഥനായ യേശു ക്രിസ്തുവിന്റെ മുമ്പിൽ, പീഢസഹിക്കുന്ന യേശുവിന്റെ മുമ്പിൽ, ക്രൂശിൽ തൂങ്ങി ക്കിടക്കുന്ന യേശുവിന്റെ മുമ്പിൽ കുറ്റസമ്മതം നിർവ്വഹിച്ചിരുന്നെങ്കിൽ യൂദായ്ക്ക് പാപക്ഷമ ലഭിയ്ക്കുമായിരുന്നു. യൂദായുടെ വിധി മറ്റൊന്നാകുമായിരുന്നു. കർത്താ വിന്റെ ക്രൂശിലെ ആറാമത്തെ മൊഴി മറ്റൊന്നാകുമായിരുന്നു.യൂദാ തനിക്ക് ലഭിച്ച അറിവ് പ്രയോജനപ്പെടുത്തിയില്ല. യേശു സർവ്വശക്തനാണെന്ന് അവനറിയാമായിരുന്നു. ലോകരക്ഷകനാണെന്ന് അവനറിയാമായിരുന്നു. തന്റെ മുമ്പിൽ പശ്ചാത്തപിക്കുന്ന ഏവരേയും പാപമോചനം നല്കി അനുഗ്രഹിക്കുന്നവനാണെന്നറിയാമായിരുന്നു. അതിന് എനിക്കും അർഹതയുണ്ടെന്ന് അവനറിയണമായിരുന്നു.

അവന്റെ അറിവ് അവൻ ദുർവ്വിനിയോഗം ചെയ്തു. യേശുക്രിസ്തു മരിക്കുമ്പോൾ തനിക്കു മുമ്പായി മരിച്ച സകലരേയും കല്ലറകളിൽ നിന്നും നിദ്രയിൽ നിന്നും മരണത്തിൽ നിന്നും ഉയിർപ്പിക്കും. ആ അറിവ് അവൻ ഒരു കുറുക്കുവഴിയായി ക്കണ്ടു. അതിനാൽ യേശുവിന് മുൻപ് മരിക്കുവാനായിരുന്നു അവന്റെ ദുർബ്ബുദ്ധി അവനെ പ്രേരിപ്പിച്ചത്. തൂങ്ങിമരിക്കുന്നതിന് അവനെ പ്രേരിപ്പിച്ച വസ്തുത രക്ഷയ്ക്കുള്ള കുറുക്കുവഴിയായിരുന്നു. എന്നാൽ അവന്റെ ദുർവ്വിധി അവനെ മരണത്തിൽ നിന്നും തടഞ്ഞു. കയറുപൊട്ടി നിലത്തു വീണ യൂദാ, വയറു പിളർന്ന് കുടൽ മാല പുറത്തു ചാടി കർത്താവിന്റെ മരണത്തിനു ശേഷം മൂന്നാം ദിവസം ദയനീയമായി മരിച്ചു. യൂദായെ രക്ഷിയ്ക്കുവാൻ യേശു അത്യധികമായി ആഗ്രഹിച്ചു. യൂദാ മരിക്കുന്നതു വരെ ക്രൂശിൽ കിടക്കുവാൻ യേശുക്രിസ്തുവിന് കഴിയില്ല. കാരണം പിറ്റേന്നാൾ ശാബതാണ്. ക്രുശിൽക്കിടന്ന് മരിച്ചില്ലെങ്കിൽ ലോകരക്ഷ സാദ്ധ്യമാകയില്ല. താൻ പിതാവിന്റെ ശാബതിനെ ബഹുമാനിക്കുന്ന പ്രീയനായ പുത്രനാണ്. പിതാവിനെ അനുസരിക്കാതിരുന്നാൽ ആദാം ചെയ്ത അതേ പാപം യേശു ആവർത്തിച്ചു എന്ന് വരും. പിതാവാം ദൈവത്തിന്റെ തീഷ്ണതയുടെ മുമ്പാകെ മശിഹാ നിസ്സഹായനായ സന്ദർഭമാണ് യൂദായുടെ നഷ്ടം. ഈ നഷ്ടമാണ് മശിഹായുടെ ദു:ഖം.

സഹോദരാ സഹോദരീ ഞാനും നിങ്ങളും യേശുക്രിസ്തുവിന്റെ ഈ മഹാവലിയ സ്നേഹം തിരിച്ചറിഞ്ഞിട്ടുണ്ടോ? നാം പാപം ചെയ്യുമ്പോൾ എന്റെ കർത്താവ് എന്നേക്കുറിച്ച് ദു:ഖിക്കുന്നു എന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ? നമ്മുടെ മാനസ്സാന്തരം അവനെ എത്രമാത്രം സന്തോഷിപ്പിക്കും എന്ന് നിനക്കറിയാമോ? ഏറ്റുപറച്ചിലിനുള്ള ഒരവസരം നാം നഷ്ടപ്പെടുത്തുമ്പോൾ മശിഹാ എന്നേപ്രതി വിലപിക്കുന്നു എന്നുള്ള തിരിച്ചറിവ്

നിനക്കുണ്ടോ?. യഹൂദപൗരോഹിത്യം പാപമോചനം നല്കു ന്നതിന് പര്യാപ്തമായിരുന്നില്ല. എന്നാൽ യേശുക്രിസ്തു പത്രോസിന് നൽവരം നല്കി. 'നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും ഭൂമിയിൽ അഴിയ്ക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും'. നമ്മുടെ പാപം വലിയതോ ചെറിയതോ ലഘുവോ കഠിനമോ, അബദ്ധമോ ശീലമോ ആകട്ടെ നമുക്കുണ്ടായിട്ടുള്ള പശ്ചത്താപം നമ്മെ പ്രായശ്ചിത്തത്തിലേക്കും ഏറ്റുപറച്ചിലിലേക്കും നയിക്കണം.ഒരു സത്യകുമ്പസ്സാരത്തിനുള്ള മനസൊരുക്കം നമുക്കുണ്ടാകണം. കർത്താവ് നമുക്ക് മോചനം തരും. നമ്മുടെ പാപഭാരം ഇറക്കി വയ്ക്കാനൊരു അത്താണിയായി യേശുമശിഹാ പിതാവിന്റെ സന്നിധിയിൽ എഴുനേറ്റ് നില്ക്കുന്നു. നമുക്കവനോടേറ്റ് പറയാം. കർത്താവേ ഞാൻ പാപിയാകുന്നു, എന്നോടു കരുണ തോന്നണമെ. മശിഹാ ഞാൻ പാപിയാകുന്നു, എന്നോട് കരുണ തോന്നണമെ. വലതുഭാഗത്ത് ക്രൂശിൽ തൂങ്ങിയ കള്ളനേപ്പോലെ നമുക്കായിത്തീരാം. അല്ലെങ്കിൽ നാം യുദായെപ്പോലെ കരഗതമായിരുന്ന രക്ഷ നഷ്ടപ്പെടുത്തിയവനാകയില്ലയോ. ഒരു ഏറ്റുപറച്ചിലിന്നായ് നമുക്കു യേശുവിന്നരികിലേക്ക് പോകാം. കർത്താവ് ഇന്ന് നമ്മേക്കുറിച്ച് സന്തോഷിക്കട്ടേ.

'ഇരു നിരയായന്നാളുകളേ നീ നിർത്തീടുന്പോൾ
തിരുരരക്തത്താൽ വാങ്ങിയൊരെന്നെയിടത്താക്കരുതേ
നിന്നെയുപേക്ഷിച്ചവരെ നീയുമുപേക്ഷിയ്ക്കുമ്പോൾ
നിന്നേ കൈക്കൊണ്ടവനാമെന്നെയുപേക്ഷിയ്ക്കരുതേ.'